പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4531

29.06.2012 ൽ മറുപടിയ്ക്ക്

## ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ട വിഭാഗങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>'' ലൂഡി ലൂയിസ്<br>'' റ്റി.എൻ. പ്രതാപൻ<br>'' ഹൈബി ഈഡൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

എ) ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ട വിഭാഗങ്ങളെ സംബന്ധിച്ചുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

എ) ഉണ്ട്.

ബി) എങ്കിൽ പുതിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ;

ബി) 07.09.2011-ലെ സ.ഉ(കൈ)നം.209/2011/തസ്വഭവ നം. ഉത്തരവ് പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പട്ടിക വർഗ്ഗത്തിൽ പെടുന്ന ഉദ്യോഗസ്ഥർ ഒഴികെ എല്ലാ പട്ടികവർഗ്ഗകുടുംബങ്ങളേയും ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്ന അധിക മാനദണ്ഡം കൂടി ബിപിഎൽ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കൂടാതെ 27.04.2012-ലെ സ.ഉ(കൈ) നം.112/12/തസ്വഭവ പ്രകാരം ബിപിഎൽ ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ചു കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

ദാരിദ്ര്യരേഖാ സർവ്വെ 2009 ന് വേണ്ടി രണ്ട് തരം ഫോറങ്ങളാണ് ഉപയോഗിയ്ക്കുന്നത്. എന്യൂമറേറ്റർമാർ നിശ്ചിത വാർഡിലെ നിശ്ചിത പ്രദേശത്തെ എല്ലാ വീടുകളും സന്ദർശിച്ച് തയ്യാറാക്കുവാനുള്ള 'എ' ഫോറവും ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളുടെ വിശദ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള 'ബി' ഫോറവും.
'എ' ഫോറം സർവ്വേ ചെയ്യുമ്പോൾ താഴെ പറയുന്ന ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട കുടുംബമാണെങ്കിൽ പ്രസ്തുത കുടുംബം പ്രഥമ ദൃഷ്ട്യ ദാരിദ്രരേഖയക്ക് മുകളിലുള്ള കുടുംബമാണെന്ന അനുമാനത്തിൽ പ്രസ്തുത കുടുംബങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ 'ബി' ഫോറത്തിൽ ശേഖരിയ്ക്കുന്നതല്ല.

1) സർക്കാർ ജീവനക്കാർ ഉള്ള കുടുംബം (ക്ളാസ്സ് 1 മുതൽ ക്ളാസ്സ് 4 വരെ)
2) സ്വകാര്യ/അർദ്ധ സർക്കാർ/എയ്ഡഡ്

സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം

3) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം.

4) സർക്കാർ/സർവ്വീസ് പെൻഷണർമാർ ഉള്ള കുടുംബം.

5) അർദ്ധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിയ്ക്കുന്നവർ ഉള്ള കുടുംബം.

6) സഹകരണ സ്ഥാപനങ്ങളിലെ പെൻഷണർമാർ ഉള്ള കുടുംബം.

7) പൊതുമേഖല/പ്രൈവറ്റ് സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ഉള്ള കുടുംബം (പരമ്പരാഗത തൊഴിൽ മേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒഴികെ)

8) 1000 ച.അ അധികം വിസ്തീർണ്ണമുള്ള കോൺക്രീറ്റ് വീട് ഉടമസ്ഥാവകാശത്തിലുള്ള കുടുംബം.

9) സ്വകാര്യ ഉപയോഗത്തിനുള്ള 4 ചക്ര മോട്ടോർ വാഹനം ഉടമസ്ഥതയിലുള്ള കുടുംബം.

10) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ഉള്ള കുടുംബം.

11) പട്ടിക വർഗ്ഗക്കാരൊഴികെ ഒരേക്കറിൽ അധികം കാർഷിക ഭൂമി കൈവശത്തിലുള്ള കുടുംബം.

'ബി' ഫാറത്തിൽ ദാരിദ്ര്യ നിർണ്ണയത്തിന് ഉതകുന്ന സൂചനകങ്ങളെ സംബന്ധിച്ച വിവരങ്ങളാണ് ശേഖരിയ്ക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുത്തിരിയ്ക്കുന്നു.

1) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ മരണപ്പെട്ടിട്ടുണ്ടോ?

2) ക്ഷേമ പെൻഷൻ വാങ്ങുന്നവരുണ്ടോ?

3) 20 വയസ്സിനു താഴെ സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ചവരുള്ള കുടുംബമാണോ?

4) കുടുംബത്തിൽ ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്ന അംഗങ്ങൾ ഉണ്ടോ?

5) മാരക രോഗങ്ങൾക്ക് അടിമപ്പെട്ട വ്യക്തികൾ ഉള്ള കുടുംബമാണോ?

6) വിധവ/അവിവാഹിതയായ അമ്മ/ ഭർത്താവ് ഉപേക്ഷിച്ച സ്ത്രീ ഉള്ള കുടുംബമാണോ?

7) ഭവന നിലവാരവും ഭൂവുടമസ്ഥാവകാശവും സംബന്ധിച്ച വിവരങ്ങൾ

(i) വീടിന്റെ തരം

(ii)താമസിയ്ക്കുന്ന വീടിന്റെ ഉടമസ്ഥാവകാശം

(iii) വീടിന്റെ വലുപ്പം (ചതുരശ്ര മീറ്റർ)

(iv) ഭിത്തിയുടെ ഘടന

(v) തറ

(vi) മേൽക്കൂര

(vii) കക്കൂസിന്റെ തരം

(viii) വീട് വൈദ്യൂതികരിച്ചതാണോ?

(ix) വീട് വൈദ്യൂതികരിച്ചതാണെങ്കിൽ കഴിഞ്ഞ 6 മാസത്തെ ശരാശരി വൈദ്യൂതി ചാർജ്ജ്

(x) കൈവശാനുഭവ ഭൂമി സ്വന്തമല്ലെങ്കിൽ തരം

(xi) ആശ്രയഗുണഭോക്താവാണോ? അതെ/അല്ല

| | | | |
|---|---|---|---|
| സി) | **അർഹരായവരെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?** | സി) | ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളുടെ പട്ടികയിൽ നിന്ന് ഫാറം പൂരിപ്പിച്ച കുടുംബങ്ങൾ) സമൂഹത്തിലെ ഏറ്റവും ദാരിദ്ര വിഭാഗങ്ങളെ ബിപിഎൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി 14.01.2011 ലെ സ.ഉ 16/2011/തസ്വഭവ നം ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളുടേയും, സൂചകങ്ങളുടേയും അടിസ്ഥാനത്തിലാണ് ബിപിഎൽ പട്ടിക തയ്യാറാക്കിയത്.<br>പ്രസിദ്ധീകരിച്ച ലിസ്റ്റിന്മേൽ പൊതുജനങ്ങൾക്ക് പരാതികൾ/ആക്ഷേപങ്ങൾ നൽകാൻ അവസരം നൽകിയിരുന്നു. ടി പരാതികൾ/ആക്ഷേപങ്ങൾ സാമൂഹ്യസാമ്പത്തിക ജാതി സെൻസസ് എന്യൂമറേറ്റർമാരെ ഉപയോഗിച്ച് പരിശോധിക്കുവാൻ ഉത്തരവായെങ്കിലും തത്ക്കാലം ടി തീരുമാനം നടപ്പിലാക്കേണ്ട എന്നും ആവശ്യമെങ്കിൽ SECC – ന് ശേഷം പരിശോധിപ്പിക്കാമെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

010235 — 3 MAY 2012

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.( കൈ)നം. 112/2012/തസ്വഭവ — തിരുവനന്തപുരം, തീയതി, 27/04/2012

പരാമർശം:- സ.ഉ.(കൈ)നം.16/2011/തസ്വഭവ, തീയതി: 4/01/2011.

Flag Y

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് പുറമേ താഴെ പറയുന്ന പ്രകാരം എപിഎൽ, ബിപിഎൽ മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ച് ഉത്തരവാകുന്നു.

ബി.പി.എൽ. പട്ടികയിൽ നിന്ന് താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കേണ്ടതാണ്:-

എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.
ബി) ആദായനികുതി ഒടുക്കുന്നവർ
സി) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ
ഡി) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ.
ഇ) നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ

മേൽ പറഞ്ഞ വിഭാഗങ്ങളെ ഒഴിവാക്കി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്:-

എ) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
ബി) മാനസികവും ശാരീരികവുമായ വൈകല്യമുള്ളവർ
സി) 'ഓട്ടിസം' ബാധിച്ചവർ
ഡി) ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ

ഇ) എയ്ഡ്സ്, കാൻസർ രോഗികളും, ഡയാലിസിസിന് വിധേയരാകുന്നവരും
എഫ്) പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും
ജി) മേൽപ്പറഞ്ഞവയ്ക്ക് വിരുദ്ധമല്ലാത്ത നിലവിലുള്ള മാനദണ്ഡങ്ങൾ തുടരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും(സെക്രട്ടറിമാർ മുഖേന).
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. പൊതുഭരണ (എസ്.സി) വകുപ്പിന് (ഇനം നം , തീയതി പ്രകാരം)
17. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാ

സെക്ഷൻ ഓഫീ

പകർപ്പ്:- 1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

Section officer